# Visit of Minister of State for External Affairs, Smt. MeenakashiLekhi to Portugal and Spain (September 12-17, 2021)

September 11, 2021

---

**വിദേശകാര്യ സഹമന്ത്രി ശ്രീമതി. മീനാക്ഷി ലേഖിയുടെ പോർച്ചുഗൽ, സ്പെയിൻ എന്നിവിടങ്ങളിലേക്കുള്ള സന്ദർശനം (സെപ്റ്റംബർ 12-17, 2021)**

സെപ്റ്റംബർ 11, 2021

വിദേശകാര്യ സഹമന്ത്രി ശ്രീമതി. മീനാക്ഷി ലേഖി. പോർച്ചുഗൽ , സ്പെയിൻ എന്നിവിടങ്ങളിലേക്ക് 2021 സെപ്റ്റംബർ 12 -17 തിയ്യതികളിൽ ഔദ്യോഗിക സന്ദർശനം നടത്തി..

2. സെപ്റ്റംബർ 12 മുതൽ 14 വരെ പോർച്ചുഗൽ സന്ദർശനവേളയിൽ, തന്റെ തുല്യ ഔദ്യോഗിക ചുമതലയുള്ള വിദേശകാര്യ - അന്താരാഷ്ട്ര കാര്യ സഹകരണ മന്ത്രി ഫ്രാൻസിസ്കോ ആന്ദ്രേയുമായുള്ള ഉഭയകക്ഷി ചർച്ചകൾ നടക്കും. പോർച്ചുഗലിന്റെ വിദേശകാര്യ മന്ത്രി അഗസ്റ്റോ സാന്റോസ് സിൽവയുമായും അന്താരാഷ്ട്രവൽക്കരണ സ്റ്റേറ്റ് സെക്രട്ടറി യൂറികോ ബ്രിൽഹന്റെയുമായും അവർ കൂടിക്കാഴ്ച നടത്തും. പോർച്ചുഗലിൽ ജോലി ചെയ്യുന്നതിനായി ഇന്ത്യൻ പൗരന്മാരെ റിക്രൂട്ട് ചെയ്യുന്നതിനുള്ള ഉഭയകക്ഷി കരാറിലും സന്ദർശന വേളയിൽ ഒപ്പുവയ്ക്കുന്നതാണ്.

3. പോർച്ചുഗലിന്റെ സാംസ്കാരിക മന്ത്രി എച്ച്.ഇ. ശ്രീമതി ഗ്രെഷ്യ മരിയ ഡാ ഫോൺസെക്ക പോർച്ചുഗീസ് ഭാഷാ രാജ്യങ്ങൾക്കായുള്ള കമ്മ്യൂണിറ്റിയുടെ (CPLP) എക്സിക്യൂട്ടീവ് സെക്രട്ടറി മിസ്റ്റർ സക്കറിയാസ് ഡാ കോസ്റ്റ എന്നിവരെയും സന്ദർശിക്കും. 2021 ജൂലൈയിൽ CPLP- യുടെ അസോസിയേറ്റ് ഒബ്സർവർ ആയി ഇന്ത്യ അംഗീകരിക്കപ്പെടുകയും ലുസോഫോൺ രാജ്യങ്ങളുമായുള്ള ചരിത്രപരമായ ബന്ധം കൂടുതൽ ആഴത്തിലാക്കാൻ പ്രതിജ്ഞാബദ്ധത സ്വീകരിക്കുയും ചെയ്തു. അവർ ഇന്ത്യൻ ജനതയെ കാണുകയും സ്വാതന്ത്ര്യത്തിന്റെ അമൃത മഹോത്സവ

ആഘോഷങ്ങളുടെ ഭാഗമായി ഇന്ത്യയുടെ സമ്പന്നമായ സാംസ്കാരിക പൈതൃകം അടയാളപ്പെടുത്തുന്ന പരിപാടിയിൽ പങ്കെടുക്കുകയും ചെയ്യും

4. സെപ്റ്റംബർ 15-17 വരെ സ്പെയിൻ സന്ദർശനത്തിൽ തന്റെ തുല്യ പദവി വഹിക്കുന്ന വിദേശകാര്യ സെക്രട്ടറി ഏഞ്ചലസ് മൊറേനോ ബാവുമായും സ്പാനിഷ് ഗവൺമെന്റിലെ മറ്റ് മുതിർന്ന ഉദ്യോഗസ്ഥരുമായും കൂടിക്കാഴ്ച നടത്തുന്നതാണ്. വാലാഡോളിഡിലെ കാസ ഡി ലാ ഇന്ത്യയിൽ 'ദി ബീറ്റിൽസ് ആൻഡ് ഇന്ത്യ' പ്രദർശനവും വിദേശകാര്യ സഹമന്ത്രി ഉദ്ഘാടനം ചെയ്യും കൂടാതെ സ്പെയിനിലെ ഇന്ത്യ കൗൺസിൽ ഫൗണ്ടേഷനിൽ ഇന്ത്യയുടെ വികസന സഹകരണത്തെക്കുറിച്ച് ഒരു പ്രഭാഷണം നടത്തുകയും ചെയ്യും. ഐസിസിആർ പൂർവ്വ വിദ്യാർത്ഥികാളുൾപ്പടെയുള്ള ഇൻഡോളജിസ്റ്റുകളുമായും ഇൻഡോഫൈലുകളുമായും ഇന്ത്യൻ കമ്യൂണിറ്റിയിലെ അംഗങ്ങളുമാണ് അവർ സംവദിക്കും.

5. പോർച്ചുഗലുമായും സ്പെയിനുമായും ഇന്ത്യയ്ക്ക്ഷ്മ ഊഷ്മളവും സൗഹൃദപരവുമായ ബന്ധമാണുള്ളത്. കോവിഡ് 19 പകർച്ചവ്യാധിയ്ക്ക് ശേഷം ശേഷം ഇരു രാജ്യങ്ങളുമായുള്ള ആദ്യത്തെ ഔദ്യോഗിക ഇടപെടലായ വിദേശകാര്യമന്ത്രിയുടെ സന്ദർശനം ഉഭയകക്ഷി ബന്ധങ്ങൾക്ക് പുതിയ ഊർജ്ജം തന്നെ നൽകുമെന്ന് പ്രതീക്ഷിക്കുന്നു.

**ന്യൂ ഡൽഹി**

**സെപ്റ്റംബർ 11, 2021**

DISCLAIMER: This is an approximate translation. The original is available in English on MEA's website and may be referred to as the official press release.